**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6287** **10-07-2024 - ൽ മറുപടിയ്ക്ക്**

**പെരിഞ്ചേരിക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി, പേരാമ്പ്ര എന്നീ നിയോജക മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പെരിഞ്ചേരിക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണപ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | പെരിഞ്ചേരിക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതി നടപ്പിലാക്കുന്നതിനായി പ്രസ്തുത പദ്ധതിയുടെ എസ്.പി.വി. ആയ കെ.ഐ.ഐ.ഡി.സി. ടെൻഡർ നടപടികൾ പൂർത്തിയാക്കി, പദ്ധതിയുടെ കരാർ 07.09.2020-ന് നടപ്പിലാക്കി. തുടർന്ന് പദ്ധതി പ്രവൃത്തികൾ പുരോഗമിച്ചു എങ്കിലും കരാറുകാരൻ പദ്ധതിയുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയെ സമീപിച്ചു. പ്രസ്തുത കേസിന്റെ വിധിക്കെതിരെ കോടതിയിൽ വീണ്ടും ഹർജി (W.A. No. 481 of 2023) സമർപ്പിച്ചു. കരാറുകാരൻ കോടതിയിൽ സമർപ്പിച്ച പ്രസ്തുത ഹർജിയുടെ അന്തിമവിധി 05.01.2024-ന് ലഭിക്കുകയും, ആയത് പ്രകാരം കെ.ഐ.ഐ.ഡി.സി. രണ്ട് മാസത്തിനുള്ളിൽ കരാറുകാരന് ഒന്നാമത്തെയും രണ്ടാമത്തെയും പാർട്ട് ബില്ലിലെ ബാലൻസ് തുക നൽകണം എന്ന് ഉത്തരവ് ആകുകയും ചെയ്തിട്ടുണ്ട്.<br><br>ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിയുടെ ഫണ്ടിംഗ് ഏജൻസിയായ കിഫ്ബിയോട് കരാറുകാരന്റെ ബിൽ തുക അനുവദിച്ചു നൽകുവാൻ സർക്കാർ നിർദ്ദേശം നൽകുകയും കിഫ്ബി ആയത് അംഗീകരിച്ചിട്ടുമുണ്ട്. കൂടാതെ സർക്കാരിന്റെ നിർദ്ദേശപ്രകാരം ഡിവിഷൻ ബെഞ്ച് മുമ്പാകെ കോടതി വിധിയ്ക്ക് എതിരെ പുനഃപരിശോധനാ ഹർജി സമർപ്പിച്ചു. ഇതിന്മേൽ 01.04.2024-ലെ ബഹു.ഹൈക്കോടതി ഉത്തരവ് പ്രകാരം, ചീഫ് സെക്രട്ടറി ഇടപ്പെട്ട് എത്രയും വേഗം പ്രശ്നം പരിഹരിക്കാൻ നിർദ്ദേശം ലഭിച്ചിരുന്നു.<br><br>തുടർന്ന് ചീഫ് സെക്രട്ടറി 17.04.2024-ന് യോഗം ചേരുകയും ഒന്നാമത്തെയും, രണ്ടാമത്തെയും ബാലൻസ് ബില്ലും, ബാക്കിയുള്ള പദ്ധതി പ്രവൃത്തികളുടെ പുതുക്കിയ എസ്റ്റിമേറ്റും കിഫ്ബിയ്ക്ക് അംഗീകാരത്തിനായി സമർപ്പിക്കുവാൻ നിർദ്ദേശിച്ചു. |

| | | | |
|---|---|---|---|
| | | | ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ബില്ലുകൾ സൂക്ഷ്മപരിശോധനയ്ക്ക് ശേഷം കിഫ്ബിയിൽ സമർപ്പിക്കുകയും, കിഫ്ബി ബിൽ തുക കരാറുകാരന് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. പുതുക്കിയ രൂപരേഖയും, റിവൈസ്ഡ് എസ്റ്റിമേറ്റും പരിശോധനയ്ക്കായി കോഴിക്കോട് എൻ.ഐ.ടി.യിൽ സമർപ്പിക്കുകയും, എൻ.ഐ.ടി. പദ്ധതി പ്രദേശം സന്ദർശിക്കുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് എൻ.ഐ.ടി.യിൽ നിന്ന് പ്രസ്തുത റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചാൽ ഉടൻ തന്നെ ആയത് കിഫ്ബിയിൽ സമർപ്പിച്ച് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും അത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ; | (ബി) | പെരിഞ്ചേരിക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതി നടപ്പിലാക്കുന്നതിനായി പ്രസ്തുത പദ്ധതിയുടെ എസ്.പി.വി. ആയ കെ.ഐ.ഐ.ഡി.സി. ടെൻഡർ നടപടികൾ പൂർത്തിയാക്കി, പദ്ധതിയുടെ കരാർ 07.09.2020-ന് നടപ്പിലാക്കി. തുടർന്ന് പദ്ധതി പ്രവൃത്തികൾ പുരോഗമിച്ചു എങ്കിലും കരാറുകാരൻ പദ്ധതിയുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയെ സമീപിച്ചു. പ്രസ്തുത കേസിന്റെ വിധിക്കെതിരെ കോടതിയിൽ വീണ്ടും ഹർജി (W.A. No. 481 of 2023) സമർപ്പിച്ചു. കരാറുകാരൻ കോടതിയിൽ സമർപ്പിച്ച പ്രസ്തുത ഹർജിയുടെ അന്തിമവിധി 05.01.2024-ന് ലഭിക്കുകയും, ആയത് പ്രകാരം കെ.ഐ.ഐ.ഡി.സി. രണ്ട് മാസത്തിനുള്ളിൽ കരാറുകാരന് ഒന്നാമത്തെയും രണ്ടാമത്തെയും പാർട്ട് ബില്ലിലെ ബാലൻസ് തുക നൽകണം എന്ന് ഉത്തരവ് ആകുകയും ചെയ്തിട്ടുണ്ട്.<br><br>ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിയുടെ ഫണ്ടിംഗ് ഏജൻസിയായ കിഫ്ബിയോട് കരാറുകാരന്റെ ബിൽ തുക അനുവദിച്ച് നൽകുവാൻ സർക്കാർ നിർദ്ദേശം നൽകുകയും കിഫ്ബി ആയത് അംഗീകരിച്ചിട്ടുമുണ്ട്. കൂടാതെ സർക്കാരിന്റെ നിർദ്ദേശപ്രകാരം ഡിവിഷൻ ബെഞ്ച് മുമ്പാകെ കോടതി വിധിയ്ക്ക് എതിരെ പുനഃപരിശോധനാ ഹർജി സമർപ്പിച്ചു. ഇതിന്മേൽ 01.04.2024-ലെ ബഹു.ഹൈക്കോടതി ഉത്തരവ് പ്രകാരം, ചീഫ് സെക്രട്ടറി ഇടപ്പെട്ട് എത്രയും വേഗം പ്രശ്നം പരിഹരിക്കാൻ നിർദ്ദേശം ലഭിച്ചിരുന്നു.<br><br>തുടർന്ന് ചീഫ് സെക്രട്ടറി 17.04.2024-ന് യോഗം ചേരുകയും ഒന്നാമത്തെയും, രണ്ടാമത്തെയും ബാലൻസ് ബില്ലും, ബാക്കിയുള്ള പദ്ധതി പ്രവൃത്തികളുടെ പുതുക്കിയ എസ്റ്റിമേറ്റും കിഫ്ബിയ്ക്ക് അംഗീകാരത്തിനായി സമർപ്പിക്കുവാൻ നിർദ്ദേശിച്ചു. |

| | | | |
|---|---|---|---|
| | | | ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ബില്ലുകൾ സൂക്ഷ്മപരിശോധനയ്ക്ക് ശേഷം കിഫ്ബിയിൽ സമർപ്പിക്കുകയും, കിഫ്ബി ബിൽ തുക കരാറുകാരന് അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. പുതുക്കിയ രൂപരേഖയും, റിവൈസ്ഡ് എസ്റ്റിമേറ്റും പരിശോധനയ്ക്കായി കോഴിക്കോട് എൻ.ഐ.ടി.യിൽ സമർപ്പിക്കുകയും, എൻ.ഐ.ടി. പദ്ധതി പ്രദേശം സന്ദർശിക്കുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് എൻ.ഐ.ടി.യിൽ നിന്ന് പ്രസ്തുത റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചാൽ ഉടൻ തന്നെ ആയത് കിഫ്ബിയിൽ സമർപ്പിച്ചു തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (സി) | പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിലൂടെ ലഭിക്കുന്ന പ്രയോജനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (സി) | നിലവിൽ 24% പദ്ധതി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇടത് കരയിലെ സംരക്ഷണ ഭിത്തിയും, ഒരു ആബറ്റ്മെന്റും, ഒരു പിയറും പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് വഴി താഴെ പറയുന്ന പ്രയോജനങ്ങൾ ലഭിക്കും:<br>• 5 മീറ്റർ ഉയരത്തിൽ വെള്ളം സംഭരിക്കുന്നതിന് സാധിക്കും.<br>• ചെറുവണ്ണൂർ, വേളം പഞ്ചായത്തുകളെ പാലം മുഖേന ബന്ധിപ്പിക്കുന്നു.<br>• ഉപ്പ് വെള്ളം കയറുന്നത് തടയുന്നു.<br>• ഭൂഗർഭ ജലലഭ്യത ഉറപ്പാക്കുന്നു.<br>• കൃഷിയിടങ്ങളിൽ ജല ലഭ്യത ഉറപ്പാക്കുന്നു. |

സെക്ഷൻ ഓഫീസർ